# ധീരമായ പ്രവർത്തനമാണ്
# പ്രശസ്തി നേടുന്നത്

ധീരമായ പ്രവൃത്തിയുടെ സുഗന്ധമാണ് പ്രശസ്തിയെന്ന് സോക്രട്ടീസ്.

ദൈവത്തിന് ഏറെ ഇഷ്ടപ്പെട്ടവനായിരുന്നു പ്രവാചകൻ അബ്രഹാം. സ്വന്തം ജനതയുടെ ദുഷ്കൃതങ്ങളെ തിരുത്തിക്കൊണ്ടാണ് അദ്ദേഹം രംഗത്തു വന്നത്. സാമൂഹിക തിന്മക്കെതിരെയുള്ള ശക്തമായ ഇടപെടലായിരുന്നു അദ്ദേഹത്തിൻെറത്.

മനുഷ്യൻ ഒരു ചാലകശക്തിയാണ്. പരിവർത്തനാമണവൻെറ കരുത്ത്. അതാണവൻെറ ചരിത്രം അന്വർഥമാക്കുന്നത്.

പറഞ്ഞല്ലോ, പരിവർത്തനമാണ് മനുഷ്യകർമങ്ങളുടെ ഉന്നമെന്ന്. ത്യാഗപൂർണമായ പരിശ്രമങ്ങളാണ് അവൻെറ നാഗരികതക്ക് അടിത്തറ പാകുന്നത്. അതിന് ശക്തിയും ബലവുമേന്നത് അവൻെറ ഉത്തമമായ സംസ്കാരമാണ്.

കർമങ്ങൾ ധീരവും നിർഭയവുമാകുന്നത് വിശ്വാസം നിഷ്കളങ്കവും കരുത്തുള്ളതുമായിരിക്കുമ്പോഴാണ്.

കേൾക്കുന്നതെല്ലാം വിളച്ചുപറയുക. ആസൂത്രണമില്ലാതെ പ്രതികരിക്കുക. അത് ധീരമായ നടപടിയല്ല.

ഗുണകരമായ ഏത് കാര്യം ചെയ്യുന്നതിനും ദോഷകരമായ ഏത് കാര്യം തടയുന്നതിനും മറ്റുള്ളവരുടെ ആക്ഷേപത്തെ ഭയപ്പെടരുത്. സാമൂഹികഇടപെടലുകൾക്കും പരിവർത്തനങ്ങൾക്കും പ്രവാചകന്മാരെപ്പോലെ ധീരവും നിർഭയവുമായി പ്രതികരിച്ചവരും പ്രവർത്തിച്ചവരും ചരിത്രത്തിനജ്ഞാതമാണ്.

ധീരമായ മനസ്സും ധീരമായ വിശ്വാസവും ആർജിക്കുകയാണ് പ്രധാനം. ധീരനായ വിശ്വാസിയെയാണ് ദൈവത്തിനിഷ്ടം.

ഇടപെടലുകളും പ്രവർത്തനവും ആരോഗ്യകരമാകണം. അതിൽ മനുഷ്യസമൂഹത്തിന് ജീവസുരക്ഷയുണ്ടാവുകയും വേണം.

ശത്രുസേന ഒരു നാട്ടിൽ പ്രവേശിച്ചാൽ അവർ അവിടെ വരുത്തിവെക്കുന്ന നശീകരണരീതിയിലല്ല പ്രവർത്തനങ്ങളും പ്രതികരണങ്ങളും പരിവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടത്. തികച്ചും ആരോഗ്യപരമായിരിക്കണം. തിരുത്തുന്നതും അതേ രീതിയിൽ വേണം.

വിപ്ളവകരമായ പ്രവർത്തനങ്ങളൊക്കെ തന്നെ തികഞ്ഞ ആസൂത്രണത്തിൻെറയും പഠനത്തിൻെറയും ബുദ്ധിപരമായ സമീപനത്തിൻെറയും നീതിനിഷ്ഠമായ സമീപനത്തിൻെറയും ഭാഗങ്ങളാണ്.

ഇന്ന് തൃഷ്ണകളുടെ പൂർത്തീകരണമാണ് മനുഷ്യരുടെ പരമലക്ഷ്യം. വ്യക്തികളും അവരുടെ താല്പര്യങ്ങളുമാണ് എവിടെയും വലുത്. മനുഷ്യക്ഷേമം എന്ന സങ്കല്പം ഭരണകൂടങ്ങൾക്കു പോലും അജ്ഞാതമായിരിക്കുന്നു. ഈ തൃഷ്ണകളെ പരിവർത്തിപ്പിക്കേണ്ടത് അനിവാര്യമാണ്.

മനുഷ്യജീവിതത്തെ മുഴുവനായി പരിവർത്തിപ്പിക്കും വിധം അവൻെറ താല്പര്യങ്ങൾക്കു നേരെ വിവേകപൂർണമായ സമീപനം കൈക്കൊള്ളുകയും ചില തത്വങ്ങളും നിയമങ്ങളും അവയ്ക്ക് സമർപ്പിച്ച് അവനെയും അവൻെറ നാഗരികതകളെയും സംസ്കാരത്തെയും പരിവർത്തിപ്പിച്ചെടുത്ത് അവതീർണമായ ഗ്രന്ഥമാണ് ഖുർആൻ. ജീവിതത്തിൻെറ അടിസ്ഥാനലക്ഷ്യത്തിലേക്ക് അത് മനുഷ്യരാശിയെ കൊണ്ടുപോകുന്നു.

വിപ്ളാവത്മകമായ ഒരു കർമവും സ്വാർഥമാകരുത്. അത് ജനങ്ങൾക്കു വേണ്ടിയുള്ളതാകണം. അതിനു മാത്രമേ പ്രശസ്തിയുടെയും സ്വീകാര്യതയുടെയും സുഗന്ധമുണ്ടാവുകയുള്ളൂ.